# ജാമക്കാരൻ
# JAMAKKARAN

ജാമക്കാരൻ
JAMAKKARAN

**VOLUME - 8** **Reg NO.TNBIL/2016/70171** **ISSUE - 11**

**NOVEMBER - 2024 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21)
പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mob.: No. 9894261333

കർത്താവിൻ പ്രിയരെ,



ഈ മാസവും **ജാമക്കാര**നിലൂടെ നിങ്ങളെ സന്ദർശിക്കുവാൻ സാധിച്ചതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്. കഴിഞ്ഞ മാസത്തെ **ജാമക്കാര**നിലൂടെ നിങ്ങളെ അറിയിച്ച എന്റെ രോഗവിവരം നിങ്ങൾ അറിഞ്ഞുകാണും. രോഗശയ്യയിൽ ആയിരുന്നപ്പോൾ ഇനി കൺവെൻഷൻ മാത്രമല്ല, ജാമക്കാരൻ മാസികയിലൂടെയും നിങ്ങളെ സന്ദർശിക്കുവാൻ കഴിയുമോയെന്ന് ഞാൻ ആകുലപ്പെട്ടു. എന്റെ രോഗാവസ്ഥയിൽ ദൈവം വളരെയധികം മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. വായനക്കാരിൽ പലരും എന്റെ രോഗവിവരങ്ങൾ അറിഞ്ഞ് വിഷമിച്ചു കൊണ്ട് ഫോൺ മുഖേന എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും എന്നെ ആശ്വസിപ്പിക്കുകയും ചെയ്തു. എന്നെ നിങ്ങൽ എത്രത്തോളം

# NOVEMBER - 2024

സ്നേഹിക്കുന്നു എന്നത് ഓർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ദൈവത്തിന് നമ്മെ ഓരോരുത്തരെയുംകുറിച്ച് ഓരോ ഉദ്ദേശ്യങ്ങൾ ഉണ്ട്. ആ ഉദ്ദേശ്യത്തെ പൂർണ്ണമായും നിറവേറ്റി എന്നു ഞാൻ വിശ്വസിക്കുന്നു. അത് ദൈവത്തിനും നല്ലവണ്ണം അറിയാം. എല്ലാറ്റിനും ഒരു അവസാനമുണ്ട്. ദൈവവേലയ്ക്ക് ഒരു അവസാനം, ജീവിതത്തിനും ഒരു അവസാനം ദൈവം നിശ്ചയിച്ചിരിക്കുന്നു. എന്റെ ജീവിതാന്ത്യം വരെ വിശ്വാസത്തിൽ തളർന്നുപോകാതെ, എന്റെ ദൗത്യം പൂർണ്ണ മാകുന്നതുവരെ ദൈവം എന്നെ നടത്തും എന്ന വിശ്വാസത്തോടെ, എന്റെ ലേഖനം അവസാനിപ്പിക്കുന്നു. നിങ്ങൾക്ക് എല്ലാവർക്കും വേണ്ടി തുടർന്നും ഞാൻ പ്രാർത്ഥിക്കും. കർത്താവ് നിങ്ങളെ ഓരോരുത്തരേയും അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ. പുഷ്പരാജ്**

NB : നിങ്ങൾ അയച്ച കാണിക്ക എല്ലാം എനിക്കു ലഭിച്ചു. എല്ലാവരോടും നന്ദി അറിയിക്കുന്നു.

## ONLINE BANKING (NEFT)

**Name : M G E PUSHPARAJSTATE BANK OF INDIA**

IFSC CODE - IFSC SBIN0001970 -10764116842 **A/C No: 10764116842**

SWIFT CODE - SBININBB300 **A/C No: 10764116842**

**CANARA BANK - SALEM** (SURAMANGALAM BRANCH)

IFSC CODE - IFSC CNRB0001219- 1219101013622. **A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622. **A/C No: 1219101013622.**

# പുഷ്ടിയുള്ള കാലം

Bro. **BABU**

"എങ്കിലും അവൻ നന്മ ചെയ്കയും ആകാശത്തുനിന്നു മഴയും ഫലപുഷ്ടിയുള്ള കാലങ്ങളും നിങ്ങൾക്കുതരികയും ആഹാരവും സന്തോഷവും നല്കി നിങ്ങളെ തൃപ്തരാക്കുകയും ചെയ്തു പോന്നതിനാൽ തന്നെക്കുറിച്ചു സാക്ഷ്യം തരാതിരുന്നിട്ടില്ല".

അപ്പൊ. പ്രേ: 14:17

വിശുദ്ധവേദപുസ്തകം പഠിക്കുമ്പോൾ മനുഷ്യജീവിതത്തിൽ കടന്നുവരുന്ന രണ്ടുകാലങ്ങളെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നതായി നമുക്കു കാണുവാൻ കഴിയും. (1) പുഷ്ടിയുടെ കാലം അഥവാ നന്മയുടേയും സമൃദ്ധിയുടേയും നാളുകൾ. (2) പുഷ്ടിയില്ലാത്ത കാലം അഥവാ പരാജയത്തിന്റെയും പരിവട്ടത്തിന്റെയും നാളുകൾ.

ഈ രണ്ടു കാലങ്ങളെക്കുറിച്ച് ഒരിക്കൽ ഫറവോൻ രാജാവ് ഒരു സ്വപ്നം കണ്ടതും, ആ സ്വപ്നത്തിന്റെ അർത്ഥം യോസേഫ് ഫറവോൻ രാജാവിന് വ്യാഖ്യാനിച്ചു കൊടുത്തതുമായ സംഭവം ഉല്പത്തി 41–ാം അദ്ധ്യായത്തിൽ നമ്മൾ വായിക്കുന്നുണ്ടല്ലോ. മിസ്രയിം ദേശത്ത് വരാൻ പോകുന്ന സമൃദ്ധിയുടെ ഏഴുവർഷങ്ങളേയും അതിനുശേഷം

വരാൻപോകുന്ന ക്ഷാമത്തിന്റെ ഏഴുവർഷങ്ങളേയും സംബന്ധിച്ചായിരുന്നു ഫറവോൻ രാജാവ് കണ്ട ആ സ്വപ്നം.

വേദപുസ്തകം ആദിയോടന്തം പരിശോധിച്ചാൽ പുഷ്ടിയുടെ നിരവധി അനുഭവങ്ങൾ അഥവാ അനുഗ്രഹങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതായി കാണുവാൻ കഴിയും. അവയിൽ നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ട് ദൈവാത്മാവ് ആലോചന തന്ന ചിലതു മാത്രം ഞാൻ ഇവിടെ കുറിക്കുന്നു.

**1. ദേശത്തിന്റെ പുഷ്ടി. (ഉല്പ. 45:18 "......ഞാൻ നിങ്ങൾക്കു മിസ്രയീം രാജ്യത്തിലെ നന്മതരും; ദേശത്തിന്റെ പുഷ്ടി നിങ്ങൾ അനുഭവിക്കും").**

ദൈവം തന്റെ മക്കൾക്കു നല്കിയിരിക്കുന്ന ഒരു അനുഗ്രഹമാണ് ഇത്. എന്നാൽ ദേശം നല്ല പുഷ്ടിയുള്ള ദേശമായിട്ടും ചിലരുടെ ജീവിതത്തിൽ ആ പുഷ്ടിയുടെ അനുഭവം ലഭിക്കാതെ കഷ്ടപ്പെടുന്നവരായി നമ്മൾ കാണാറുണ്ട്. ഇക്കാലത്ത് പല വിദേശരാജ്യങ്ങളിൽ പഠനത്തിനും ജോലിക്കുമായി പോകുന്ന നിരവധി ആളുകളുണ്ടല്ലോ. അവരിൽ പലരും വിദേശങ്ങളിൽനിന്നും പ്രാർത്ഥനയ്ക്കായി വിളിക്കാറുണ്ട്. തങ്ങളുടെ മാതാപിതാക്കളോട് പറയാൻ കഴിയാത്ത വിഷയങ്ങൾ അവർ പ്രാർത്ഥനയ്ക്കായി ഞങ്ങളോട് പങ്ക് വയ്ക്കുന്നു അവയിൽ പ്രധാനപ്പെട്ട വിഷയം അവരുടെ ജോലിയുടെയും സാമ്പത്തികത്തിന്റേതുമായ വിഷയമാണ്. അവർ എത്തപ്പെട്ട ദേശം നല്ല പുഷ്ടിയുള്ള ദേശമായിട്ടും ജീവിക്കാൻ നല്ല സാഹചര്യങ്ങളും സാദ്ധ്യതകളുമുണ്ടായിട്ടും, പക്ഷേ എനിക്ക് ഒന്നും ശരിയാകുന്നില്ല,

എന്നെക്കാൾ പ്രായം കുറഞ്ഞവർക്കും യോഗ്യത കുറഞ്ഞവർക്കും എളുപ്പത്തിൽ ജോലി കിട്ടുന്നു. ഇത്രയും പരിചയവും അനുഭവസമ്പത്തും ഉണ്ടായിട്ടും എനിക്കു മാത്രം ഒരു പ്രയോജനവുമില്ല എന്നാണ് ചിലർ പറയുന്നത്. സാദ്ധ്യതകളെല്ലാ മുണ്ടായിട്ടും ദേശത്തിന്റെ പുഷ്ടി അനുഭവിക്കാൻ കഴിയാതെ യിരിക്കുന്നവരാണ് ഇവർ. ശത്രു അതു അവർക്ക് തടഞ്ഞു വച്ചിരിക്കുകയാണ്. നമുക്കറിയാം ഗൾഫുനാടുകൾ സമ്പന്നമാണ്. നിരവധി വിദേശികൾ ആ ദേശത്തിന്റെ പുഷ്ടി അനുഭവിക്കുന്നു. എന്നാൽ ചിലർക്കുമാത്രം അത് തടയപ്പെട്ടിരിക്കുന്ന അനുഭവം. അതുപോലെ നിരവധി സമ്പന്ന രാജ്യങ്ങളിൽ എത്തിപ്പെട്ടിട്ടും ഒരു മെച്ചവുമില്ലാതെ കഴിഞ്ഞു കൂടുന്നവരുണ്ട്. ആകയാൽ പ്രിയരെ, കർത്താവിൽ ആശ്രയിച്ച് പ്രാർത്ഥനയോടെയിരിക്കുക ദൈവം നിങ്ങളുടെ സാഹചര്യങ്ങൾക്കു വ്യത്യാസം വരുത്തും. നിങ്ങൾ ദേശത്തിന്റെ പുഷ്ടി അനുഭവിക്കും.

**2. മുന്തിരിവള്ളിയുടെ പുഷ്ടി. (യോവേൽ. 2:22, യെശെയ്യാവു. 32:12 "…..മുന്തിരിവള്ളിയും അനുഭവപുഷ്ടി നൽകുന്നു").**

യോവേൽ പ്രവചനം. 1:6 മുതലുള്ള വാക്യങ്ങൾ വായിക്കുമ്പോൾ ദൈവജനത്തിനെതിരെ ശക്തിയുള്ളതും സംഖ്യയില്ലാത്തതുമായ ഒരു കൂട്ടർ എഴുന്നേൽക്കുമെന്നും അവർ എതിരായി വരികയും മുന്തിരിവള്ളിയുടെ പുഷ്ടി ശൂന്യമാക്കുകയും ചെയ്യുമെന്നും രേഖപ്പെടുത്തിയിരിക്കുന്നു. അതായത് വിരോധികളായ ഒരുകൂട്ടർ, നമ്മെക്കാൾ ശക്തരായ ഒരുകൂട്ടർ വന്ന് ജീവിതത്തിൽ നമ്മുടെ സമാധാനത്തെ കെടുത്തുന്ന പ്രവർത്തികളുമായി പോരാടുന്ന അനുഭവത്തെക്കുറിച്ചാണ് ഇത് സൂചിപ്പിക്കുന്നത്. ജീവിതത്തിൽ ചിലർ

അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണ് ഇത്. നമ്മുടെ ശ്രമങ്ങൾകൊണ്ടോ, ബലംകൊണ്ടോ, സാധ്യതകൾ കൊണ്ടോ അവരെ ജയിക്കുവാൻ കഴിയുന്നില്ല.

നമ്മൾ താമസിക്കുന്ന ചുറ്റുപാടിൽ ഉള്ളവരോ, ജോലി ചെയ്യുന്നിടത്തുള്ളവരോ ആകാം അവർ. ചിലർക്ക് ഒരുപക്ഷെ സ്വന്തം കുടുംബത്തിൽ നിന്നു തന്നെയാകാം ഈ പോരാട്ടം. നാമാകുന്ന മുന്തിരിവള്ളിയെ ശൂന്യമാക്കാൻ കച്ച കെട്ടിയിരിക്കുന്ന ഇക്കൂട്ടരെ ദൈവം കൈകാര്യം ചെയ്യും. നമ്മുടെ പുഷ്ടിയെ തകർക്കാൻ ദൈവം ആരെയും അനുവദിക്കില്ല.

രണ്ടാമതായി, മുന്തിരി വള്ളിയുടെ പുഷ്ടി എന്നു പറഞ്ഞാൽ സാക്ഷാൽ മുന്തിരിവള്ളിയായവൻ (യോഹന്നാൻ. 15:1). നമ്മുടെ രക്ഷിതാവും കർത്താവുമായ യേശുനാഥൻ ജീവിതത്തിൽ കർത്താവായി ഉള്ള അനുഭവമാണ്. അതുകൊണ്ട് യേശുവിനോട് ചേർന്നിരുന്നാൽ നമ്മൾ പുഷ്ടിയുള്ളവരായിത്തീരും.

### 3. സന്താനപുഷ്ടി (ഉല്പത്തി. 1:28)

ഭൂമിയിൽ ദൈവം മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ച് അവർക്കു നല്കിയ അനുഗ്രഹമാണ് "നിങ്ങൾ സന്താനപുഷ്ടി യുള്ളവരായി പെരുകി ഭൂമിയിൽ നിറയുക" (ഉല്പത്തി. 1:28) എന്ന അനുഗ്രഹം. പിന്നീട് അനേക ദൈവഭക്തന്മാരുടെ ജീവിതങ്ങളെ ദൈവം ഇപ്രകാരം അനുഗ്രഹിച്ച നിരവധി സംഭവങ്ങൾ തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ഉല്പ. 9:1, 28:3, 35:11, 47:27). ദൈവ വാഗ്ദത്തമായ ഈ പുഷ്ടിയുടെ അനുഗ്രഹം ചിലരുടെ ജീവിതത്തിൽ ശത്രു തടഞ്ഞു

വെച്ചിരിക്കുന്ന അനുഭവമുണ്ട്. കർത്താവിൽ ആശ്രയിച്ച് വിശ്വാസത്തോടെ കാത്തിരിക്കുക, സന്താനപുഷ്ടിയുടെ അനുഗ്രഹം ജീവിതത്തിൽ ദൈവം തരും.

**4. ഭൂമിയുടെ പുഷ്ടി (ഉല്പ. 27:28, സങ്കീ. 65:9 ''ദൈവം ആകാശത്തിന്റെ മഞ്ഞും ഭൂമിയുടെ പുഷ്ടിയും അനവധി ധാന്യവും വീഞ്ഞും നിനക്കു തരുമാറാകട്ടെ").**

തന്റെ പിതാവായ യിസ്ഹാക്കിൽ നിന്ന് നേടിയ ഈ അനുഗ്രഹമാണ് പിന്നീട് യാക്കോബിനെ വലിയവനാക്കിയത്. യിസ്ഹാക്ക് ആ ദേശത്തു വിതെച്ചു. ആയാണ്ടിൽ നൂറുമേനി വിളവു കിട്ടി. യഹോവ അവനെ അനുഗ്രഹിച്ചു. അവൻ വർധിച്ചു വർധിച്ചു മഹാധനവാനായിത്തീർന്നു.

**5. ആലയത്തിന്റെ പുഷ്ടി. (സങ്കീ. 36:8 "നിന്റെ ആലയത്തിലെ പുഷ്ടി അവർ അനുഭവിച്ചു തൃപ്തി പ്രാപിക്കുന്നു; നിന്റെ ആനന്ദ നദി നീ അവരെ കുടിപ്പിക്കുന്നു").**

ആലയത്തിന്റെ പുഷ്ടി അനുഭവിക്കണമെങ്കിൽ ആലയത്തിൽ വസിക്കണം (സങ്കീ. 65:4). " ഞാനോ നിന്റെ കൃപയുടെ ബഹുത്വത്താൽ നിന്റെ ആലയത്തിലേക്കു ചെന്നു നിന്റെ വിശുദ്ധ മന്ദിരത്തിനു നേരെ നിങ്കലുള്ള ഭക്തിയോടെ ആരാധിക്കും" (സങ്കീ. 5:7). ആലയത്തിലെ പുഷ്ടി എന്നു പറഞ്ഞാൽ ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുമ്പോൾ ലഭിക്കുന്ന അഭിഷേകത്തിന്റെ ശക്തിയാണ്. ആ അഭിഷേകം പ്രാപിക്കുന്നവർ തങ്ങളുടെ പുഷ്ടി കൊണ്ട് അവരുടെ സകല നുകങ്ങളും തകർത്തുകളയും (യെശ. 10:27). അതുകൊണ്ട്

ദൈവത്തെ ആരാധിക്കുന്ന അനുഭവം ജീവിതത്തിൽ കുറവു വരാതെയിരിക്കണം.

**6. വാർദ്ധക്യത്തിലും പുഷ്ടി (സങ്കീ. 92:14 "വാർദ്ധക്യത്തിലും അവർ ഫലം കായിച്ചുകൊണ്ടിരിക്കും; അവർ പുഷ്ടി വെച്ചും പച്ച പിടിച്ചും ഇരിക്കും")**

പ്രായം കൂടുന്തോറും തങ്ങൾ ഒന്നിനും കൊള്ളാത്തവരാകുമെന്നാണ് ചിലരുടെ ധാരണ. എനിക്കുവയ്യ, എനിക്കു കഴിയില്ല, എന്നെക്കൊണ്ട് ഒക്കില്ല, എനിക്കതു സാധിക്കില്ല..... ചിലർ ഇതൊന്നും പുറത്തു പറഞ്ഞില്ലെങ്കിലും അവരുടെ മട്ടും ഭാവവും കണ്ടാൽ ഈ മുദ്രാവാക്യങ്ങൾ മനസ്സിൽ മുഴങ്ങിക്കൊണ്ടിരിക്കുകയാണ് എന്ന് തോന്നിപ്പോകും. ശരീരം രോഗബാധിതമായെന്നുവരാം, ദേഹം ക്ഷീണിച്ചിരിക്കുകയാണെന്നു വരാം. പക്ഷേ അപ്പോഴും ഒരു ദൈവപൈതൽ ആത്മാവിൽ പുഷ്ടി വെച്ചും പച്ചപിടിച്ചും ഇരിക്കും. അവരുടെ വാക്കുകളിലും, പ്രാർത്ഥനയിലും, നോട്ടത്തിൽപ്പോലും ആ പുഷ്ടിയും പച്ചയും പ്രകടമായിരിക്കും.

ആകയാൽ, സാഹചര്യങ്ങളും അവസ്ഥകളുമല്ല ഒരു ദൈവപൈതലിനെ ശക്തനും മതിയാകുന്നവനുമാക്കുന്നത്. ഫിലി. 4:13 "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു".

**7. ഓഹരിയുടെ പുഷ്ടി (ഹബ. 1:16 ''..... അവന്റെ ഓഹരി പുഷ്ടിയുള്ളതും അവന്റെ ആഹാരം പൂർത്തിയുള്ളതുമായ് തീരുന്നത്").**

തങ്ങൾക്ക് വെളിപ്പെട്ട സത്യവിശ്വാസത്തിനുവേണ്ടി ഒരിക്കൽ

സകലവും ത്യജിച്ച് ഇറങ്ങിത്തിരിച്ചവർക്ക് അവരുടെ കുടുംബത്തിലെ ഓഹരി നഷ്ടപ്പെട്ടപ്പോൾ സ്വർഗ്ഗത്തിലെ ഓഹരി നൽകി കണക്കു തീർത്ത ദൈവം ഇന്നും ജീവിക്കുന്നു (എബ്രാ. 3:1). അർഹതപ്പെട്ടതും അവകാശപ്പെട്ടതുമായ പലതും ജീവിതത്തിൽ നിഷേധിക്കപ്പെട്ട അനുഭവത്തിലൂടെ കടന്നുപോകുന്ന ചിലർ ഈ സന്ദേശം വായിക്കുന്നുണ്ടാകാം. ഇന്ന് നിങ്ങൾ അവഗണന നേരിടുന്നത് എവിടെ നിന്നുമാകാം. ജോലിയിടങ്ങളിലോ, സ്ഥാപനങ്ങളിലോ, പാഠശാലകളിലോ, കോടതിവ്യവഹാരങ്ങളിലോ, ഇടപാടുകളിലോ, കുടുംബത്തിലോ...... എവിടെയുമാകട്ടെ അവഗണിക്കപ്പെടുന്നതും, നിഷേധിക്കപ്പെടുന്നതും, ചെറുതാക്കപ്പെടുന്നതുമായ അനുഭവങ്ങൾ ദൈവം മാറ്റും.....

## 8. ആഹാരത്തിന്റെ പുഷ്ടി (ഉല്പ. 49:20 "അവന്റെ ആഹാരം പുഷ്ടിയുള്ളത്; അവൻ രാജകീയ സ്വാദുഭോജനം നല്കും").

പോഷകാഹാരത്തിൽ നിന്നും നമ്മുടെ ശരീരത്തിന് ലഭിക്കുന്ന പുഷ്ടിയുടെ മാത്രം കാര്യമല്ല ഇത് അർത്ഥമാക്കുന്നത്. ആഹാരത്തിന് വകയായി ദൈവം തന്നിരിക്കുന്ന എല്ലാ മാർഗ്ഗങ്ങളും പുഷ്ടിപ്പെടുമെന്നാണ് ഈ വാക്യം നല്കുന്ന വാഗ്ദത്തം. വടക്കെ ഇൻഡ്യയിലെ പല സംസ്ഥാനങ്ങളും നമ്മുടെ കേരളംപോലെ സമ്പന്നമല്ല. പട്ടിണിയുടെ സാഹചര്യങ്ങളിൽ കിടക്കുന്നവർ വിശ്വാസത്തിൽ വരികയും, ദൈവം അവരെ പോഷിപ്പിച്ച് ഇന്ന് പുഷ്ടിയുടെ അനുഭവത്തിൽ നടത്തുകയും ചെയ്യുന്നു. രാജ്യത്തെ പല സംസ്ഥാനങ്ങളിലും കുടിലുകളിൽ കിടന്നിരുന്നവർ, ഉൾഗ്രാമങ്ങളിൽ അക്ഷരാഭ്യാസം ഇല്ലാതിരുന്നവർ യേശുവിനെ കൈക്കൊണ്ട് ജീവനുള്ള

ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ തുടങ്ങിയപ്പോൾ ദൈവം അവരുടെ സ്ഥിതി മാറ്റി. കൃഷി, ജോലി, ബിസിനസ്സ്...... വരുമാനമാർഗ്ഗങ്ങളെ എല്ലാം ദൈവം അനുഗ്രഹിച്ചു. തലമുറകൾ പരിഷ്കാരികളായി ജീവിതത്തിൽ മുമ്പോട്ടു വന്നു കൊണ്ടിരിക്കുന്നു.

**9. പുഷ്ടിയുള്ള മേച്ചൽ (1 ദിന. 4:40, യെഹ. 34:14 ''നല്ല മേച്ചൽപുറത്തു ഞാൻ അവയെ മേയിക്കും; യിസ്രായേലിന്റെ ഉയർന്നമലകൾ അവക്കു കിടപ്പിടം ആയിരിക്കും; അവിടെ അവ നല്ല കിടപ്പിടത്തു കിടക്കുകയും യിസ്രായേൽ മലകളിലെ പുഷ്ടിയുള്ള മേച്ചൽപുറത്തു മേയുകയും ചെയ്യും.**

ഒരു ഇടയൻ തന്റെ ആടുകളെ പുഷ്ടിയുള്ള മേച്ചൽ പുറങ്ങളിലേക്ക് നടത്തുന്നതുപോലെ, നമ്മുടെ നല്ല ഇടയനാകുന്ന ക്രിസ്തു മേൽത്തരമായ അനുഭവങ്ങളിലേക്ക് നമ്മെയും വഴിനടത്തും.

**10. പാതയുടെ പുഷ്ടി (സങ്കീ. 65:11 "നീ സംവത്സരത്തെ നിന്റെ നന്മ കൊണ്ടു അലങ്കരിക്കുന്നു; നിന്റെ പാതകൾ പുഷ്ടി പൊഴിക്കുന്നു").**


എന്റെ പാത കല്ലും മുള്ളും നിറഞ്ഞതാണല്ലോ എന്ന് സങ്കടപ്പെട്ടിരിക്കരുത്. ഞാൻ തിരഞ്ഞെടുത്തത് അബദ്ധമായോ എന്ന് വിഷമിച്ചിരിക്കയുമരുത്, എന്റെ മുമ്പിൽ വഴികളെല്ലാം അവസാനിച്ചിരിക്കുകയാണ് എന്നോർത്ത് സങ്കടപ്പെടുകയുമരുത്. ഇന്ന് ദൈവാത്മാവിന് നിങ്ങളോടു പറയുവാനുള്ള സന്ദേശം ഇതാണ്, 'വിഷമിക്കേണ്ട, നിന്റെ പാതകൾ പുഷ്ടിയുള്ളതാകും'.

# ചരമ അറിയിപ്പ്



സഹോ. **ജോൺ** (Bro. John) അവർകളുടെ സഹധർമ്മിണിയായ Mrs. **ലീലാമ്മ ജോൺ** അവർകൾ 2025 ജൂൺ 6 ന് കർത്താവിൽ നിദ്ര പ്രാപിച്ചു. വർഷങ്ങൾക്കുമുമ്പ് ദോഹ–ഖത്തറിൽ വച്ചുതന്നെ എനക്ക് പരിചയമുള്ള കുടുംബമാണ്. ദുഃഖാർത്തരായ കുടുംബാംഗങ്ങളെ ദൈവം ആശ്വസിപ്പിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സഹോ. **എഡ്വിൻ അലക്സാണ്ടർ** (Bro. Edwin Alexander) അവർകൾ കർത്താവിൽ നിദ്ര പ്രാപിച്ചു. ദുഃഖാർത്തരായ കുടുംബാംഗങ്ങളെ ദൈവം ആശ്വസിപ്പിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.



**ജീവിതത്തിൽ ഈ പുഷ്ടിയുടെ അനുഭവങ്ങൾ പ്രാപിക്കുവാൻ നമ്മൾ എന്താണ് ചെയ്യേണ്ടത് എന്ന് മൂന്നുവാക്യങ്ങളിൽ നിന്ന് ഓർമ്മിപ്പിക്കാം.**

1. "ഔദാര്യ മാനസൻ പുഷ്ടി പ്രാപിക്കും......" (സദൃ. 11:25).
2. ".....ഉത്സാഹികളുടെ പ്രാണനോ പുഷ്ടിയുണ്ടാകും" (സദൃ. 13:4).
3. ".....യഹോവയിൽ ആശ്രയിക്കുന്നവനോ പുഷ്ടി പ്രാപിക്കും" (സദൃ. 28:25).

ആകയാൽ പ്രിയരെ, നമ്മൾ ഔദാര്യമനസ്സുള്ളവരായി മറ്റുള്ളവർക്ക് സഹായമായും, ദൈവപ്രവർത്തികൾക്കു കൈത്താങ്ങായും ഇരിക്കണം. ഒന്നിലും തളർന്നുപോകാതെ ഉത്സാഹത്തോടെ പ്രവർത്തിക്ക. കർത്താവിൽ മാത്രം ആശ്രയം വെക്കണം. നിശ്ചയമായും ഈ വാഗ്ദത്തങ്ങൾ നമ്മുടെ ജീവിതത്തിൽ നിവർത്തിയാകുവാൻ ഇടയാകും.


**NOVEMBER 2024**

Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
India - Rs.60/
Foreign - Rs.600/

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.